# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2458** **11.10.2011- ൽ മറുപടിനൽകേണ്ടത്.**

## വസ്തുവിന്റെ ഫെയർവാല്യു

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.രാജു എബ്രഹാം | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>റവന്യൂ വകുപ്പുമന്ത്രി |
| (എ) റാന്നി താലൂക്കിലെ കൊല്ലമുള വില്ലേജിൽ ഉംപ്പെടുന്ന ഏതൊക്കെ സർവ്വെ നമ്പരുകളിൽപ്പെടുന്ന എത്ര ഏക്കർ ഭൂമിയാണ് വസ്തുവിന്റെ ഫെയർവാല്യു നിർണ്ണയവുമായി ബന്ധപ്പെട്ട് തരിശായി രേഖപ്പെടുത്തപ്പെട്ടത്; | (എ) റാന്നി താലൂക്കിൽ കൊല്ലമുള വില്ലേജിൽ സർവെ നമ്പർ 780/1-1-ൽ 2310.06 ഏക്കർ പുറമ്പോക്ക് വനം, സർവെ നമ്പർ 780/1-2-1-ൽ 3419.98 ഏക്കർ പുറമ്പോക്ക് തരിശ്, 780/1-2-2-ൽ 60.95 ഏക്കർ പുറമ്പോക്ക് തരിശ്, 780/1-2-3-ൽ 39.58 ഏക്കർ പുറമ്പോക്ക് തരിശ് എന്നിങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. |
| (ബി) ഇപ്രകാരം രേഖപ്പെടുത്താൻ ഇടയായതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) പട്ടയം കൊടുത്ത വസ്തുക്കൾ കുറവ് ചെയ്ത് രജിസ്റ്ററിൽ ചേർത്തിട്ടില്ലാത്തതിനാലും പുതിയ സബ് ഡിവിഷന് നമ്പർ നൽകാത്തതിനാലും ഇപ്രകാരം ന്യൂനതകൾ സംഭവിച്ചിട്ടുണ്ട്. കൂടാതെ കൊല്ലമുള വില്ലേജിൽ റീസർവെ കഴിഞ്ഞിട്ടില്ലാത്തതിനാൽ FMB-യോ സ്കെച്ചോ ലഭ്യമല്ലാത്തതിനാൽ ഓരോ കൈവശവും തിട്ടപ്പെടുത്തി വില നിർണ്ണയിച്ചു നൽകുവാൻ സാധിച്ചിട്ടില്ലാത്തതാണ്. |
| (സി) ഏത് ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ച മൂലമാണ് കരമടച്ചു കൊണ്ടിരുന്ന വസ്തുക്കൾപോലും സർക്കാർ തരിശായി രേഖപ്പെടുത്താൻ ഇടയാക്കിയത്; | (സി) ഔദ്യോഗികതലത്തിലെ വീഴ്ച കാരണമല്ല, മറിച്ച് റീസർവെ റിക്കോർഡുകൾ നിലവിൽ വരാത്തത് മൂലമാണ് ഇങ്ങനെ സംഭവിച്ചത്. |

(ഡി) ഇതു സംബന്ധിച്ച അന്വേഷണത്തിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; അന്വേഷണ ഉദ്യോഗസ്ഥൻ ഇതു സംബന്ധിച്ച് അന്വേഷണം പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ഡി) ഫെയർ വാല്യു സംബന്ധിച്ച അപാകതകളെപ്പറ്റി ലഭിക്കുന്ന പരാതികളിൽ റവന്യൂ ഡിവിഷണൽ ഓഫീസർ അന്വേഷണം നടത്തി ഉത്തരവുകൾ പുറപ്പെടുവിച്ചുവരുന്നു. എന്നാൽ കൊല്ലമുളയിൽ വ്യാപകമായി പരാതിയുണ്ടായ സാഹചര്യത്തിൽ തിരുവല്ല റവന്യൂ ഡിവിഷണൽ ഓഫീസർ ജില്ലാകളക്ടർക്ക് സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓരോ കൈവശവും പരിശോധിച്ച് അപാകതകൾ പരിഹരിക്കുന്നതിന് വേണ്ടി പ്രത്യേകസംഘം രൂപീകരിക്കുന്നതിന് തിരുവല്ല റവന്യൂ ഡിവിഷണൽ ഓഫീസറെ ചുമതലപ്പെടുത്തി പത്തനംതിട്ട ജില്ലാകളക്ടർ ഉത്തരവായിട്ടുണ്ട്.

(ഇ) റിപ്പോർട്ടിലെ കണ്ടെത്തലുകൾ എന്തൊക്കെയാണ്; റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള കാലാവധി അറിയിക്കുമോ; എന്നാണ് അന്വേഷണ ചുമതല പ്രസ്തുത ഉദ്യോഗസ്ഥന് കൈമാറിയിട്ടുള്ളത്;

(എഫ്) സമയബന്ധിതമായി പ്രസ്തുത പ്രശ്നം പരിഹരിക്കാൻ ഇതുവരെ എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്നും ഇത് സംബന്ധിച്ച് എത്ര ഉന്നതതല യോഗം ചേർന്നു എന്നും വിശദാംശങ്ങൾ സഹിതം അറിയിക്കുമോ?

(ഇ) & (എഫ്)

റവന്യൂ ഡിവിഷണൽ ഓഫീസറുടെ ശുപാർശയുടെ വെളിച്ചത്തിൽ പ്രത്യേക സംഘം രൂപീകരിക്കുന്നതിന് 02.10.2011-ൽ ജില്ലാ കളക്ടർ ആർ.ഡി.ഒ.യെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. ഇതനുസരിച്ചുള്ള പ്രവർത്തനം ഉടൻ ആരംഭിക്കുന്നതും അടിയന്തിരമായി പൂർത്തീകരിക്കുന്നതുമാണ്.

സെക്ഷൻ ഓഫീസർ